സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ഡെപ്യൂട്ടി ലാ ആഫീസർ, അസിസ്റ്റന്റ് ലാ ആഫീസർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ROC.No.5600/26/Est 1 തിരുവനന്തപുരം, 05/06/2026

---

പരാമർശം : 1. 14/02/2025 ലെ ROC.No.8626/26/Est 1 നമ്പർ ബോർഡുത്തരവ്
2. 05/05/2026 ലെ 18-ാം നമ്പർ ഗസറ്റ് വിജ്ഞാപനം
3. 29/05/2026 ലെ വകുപ്പുതല പ്രൊമോഷൻ കമ്മറ്റി മിനിട്സ്

## ഉത്തരവ്

നിയമ വിഭാഗത്തിലെ അസിസ്റ്റന്റ് ലാ ആഫീസർ തസ്തിക ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയായും ഒരു അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് -2 തസ്തിക അസിസ്റ്റന്റ് ലാ ആഫീസർ തസ്തികയായും അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം 1)

സ്പെഷ്യൽ റൂളിൽ മേൽ ഭേദഗതി വരുത്തി അന്തിമ വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.(പരാമർശം 2)

ഡെപ്യൂട്ടി ലാ ആഫീസർ , അസിസ്റ്റന്റ് ലാ ആഫീസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് ലഭിച്ചു.(പരാമർശം 3)

പ്രസ്തുത ലിസ്റ്റ് 29-05-2026 ലെ ROC.No. 245/09/Est1/DPC നമ്പരായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി ലാ ആഫീസർ, അസിസ്റ്റന്റ് ലാ ആഫീസർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- അസിസ്റ്റന്റ് ലാ ആഫീസർ ശ്രീ.റ്റി.എസ്സ്.വിനോദ്-ന് 63700 - 123700 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ലാ ആഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നു.
- അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് 2 ശ്രീ.ജെ.ജയപ്രകാശ്-ന് 55200 - 115300 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ലാ ആഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ടുമെന്റ്/ ഓഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ(പ്രസിദ്ധീകരണത്തിന്)
3. Incumbents
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി